"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- എറണാകുളം ജില്ലയിലെ കുവപ്പടിഗ്രാമപഞ്ചായത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നതിനായി ദാനാധാര പ്രകാരം സൗജന്യമായി കൈമാറിയ സ്ഥലം അങ്കണവാടി നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ മുൻ ഉടമയ്ക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2692/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

പരാമർശം:-

1. പവർ ഗ്രിഡ് കോർപ്പറേഷന്റെ 26/06/2024 ലെ SR-11/KOC/TLM/ROW/24/27 നമ്പർ കത്ത്
2. 01/11/2024 ലെ സ.ഉ.(സാധാ) നം 1025/2024/AGRI നമ്പർ ഉത്തരവ്
3. കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 28/02/2025 തീയതിയിലെ 1(10) നമ്പർ തീരുമാനം
4. കുവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/03/2025 ലെ SC3-3503/2024 നമ്പർ കത്ത്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2025 ലെ LSGD/PD/12039/2025-REV6 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കുവപ്പടി വില്ലേജിൽ ബ്ലോക്ക് നം.9-ൽ സർവ്വെ നം.280/12-2 ൽ ഉൾപ്പെട്ട 1.21 ആർ ഭൂമി അങ്കണവാടി നിർമ്മിക്കുന്നതിന് വേണ്ടി കുവപ്പടി ഗ്രാമപഞ്ചായത്തിന് ദാനാധാര പ്രകാരം സൗജന്യമായി കൈമാറി ലഭിയ്ക്കുകയും ആയത് കുവപ്പടി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പോക്കുവരവ് നടത്തി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ ടി ഭൂമിയുടെ തരം നിലം ആയതിനാൽ ടി ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതിയ്ക്കായി കുവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച അപേക്ഷ 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമം വകുപ്പ് 10(2) ന്റെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുയും, വയലുകളോട് ചേർന്ന് തരം മാറ്റം നടത്തി അങ്കണവാടികൾ നിർമ്മിക്കുന്നത് ഉചിതമല്ലാത്തതിനാൽ ടി ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി പരാമർശം (2) പ്രകാരം നിരസിച്ച് സർക്കാർ ഉത്തരവായിരുന്നു. ടി സ്ഥലം നിലം എന്ന തരം ഭൂമിയിൽ ഉൾപ്പെടുത്തുന്നതിനാലും, ടി സ്ഥലത്തു കൂടി പവർ ഗ്രിഡ് കോർപ്പറേഷന്റെ 400 KV Kochi-Thrissur D/C Transmission Line കടന്നു പോകുന്നതിനാലും, ടി ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം നിരസിച്ചിരുന്നതിനാലും, ടി ഭൂമിയിൽ അങ്കണവാടികെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭിക്കാത്ത സാഹചര്യത്തിലും, ടി ഭൂമി കൈയ്യൊഴിഞ്ഞ് മുൻ ഉടമസ്ഥർക്ക് വിട്ടു നൽകുന്നതിന് കുവപ്പടി ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട

പരാമർശം (3) പ്രകാരമുള്ള ഭരണസമിതി തീരുമാനം ക്ലവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ ക്ലവപ്പടി വില്ലേജിൽ ബ്ലോക്ക് നം.9 ൽ സർവ്വെ നം.280/12-2-ൽ ഉൾപ്പെട്ട 1.21 ആർ ഭൂമി അങ്കണവാടി നിർമ്മിക്കുന്നതിന് വേണ്ടി ക്ലവപ്പടി ഗ്രാമപഞ്ചായത്തിന് ദാനാധാര പ്രകാരം സൗജന്യമായി കൈമാറിയ ഭൂമിയിൽ അങ്കണവാടി നിർമ്മാണത്തിനാവശ്യമായ അനുമതി ലഭ്യമാകാത്തതിനാലും, മറ്റ് കെട്ടിടനിർമ്മാണങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തതിനാലും, ലൈഫ് ഭവന നിർമ്മാണ പദ്ധതി, കളിസ്ഥലം മുതലായ മറ്റ് യാതൊരു ആവശ്യങ്ങൾക്കും വിനിയോഗിക്കാൻ സാധിക്കാത്തതിനാലും, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജ്ജിക്കാവുന്നതും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ ഏതൊരു വസ്തുവും വിൽപ്പന മുഖാന്തിരമോ മറ്റുവിധത്തിലോ കൈയ്യൊഴിക്കാവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, നിലവിലെ ചട്ടങ്ങൾ പാലിച്ച് കൊണ്ട് നിർദ്ദിഷ്ട ഭൂമി റവന്യൂരേഖ പ്രകാരമുള്ള മുൻ ഉടമസ്ഥർക്ക് തിരികെ നൽകുന്നതിന് ക്ലവപ്പടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 06-11-2025 14:39:32

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, ക്ലവപ്പടി ഗ്രാമപഞ്ചായത്ത്,എറണാകുളം ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്,ഐ&പി.ആർ.ഡി
6. കരുതൽ ഫയൽ (DB3/267/2025-5010)